## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7226 16.07.2012-ലെ മറുപടിക്ക്

**കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തളിപ്പറമ്പ് താലൂക്കിലെ വെള്ളോറ, പുളിങ്ങോം, രാമന്തളി, വെള്ളൂർ വില്ലേജുകളിലെ കൈവശക്കാർക്ക് പട്ടയം ലഭിക്കാത്തത് സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; | (എ) | തളിപ്പറമ്പ് താലൂക്കിലെ രാമന്തളി വില്ലേജ് ഒഴികെയുള്ള വില്ലേജുകളിൽ നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) | (1)വെള്ളോറ - കക്കറ, പുറവട്ടം, കായപ്പൊയിൽ പ്രദേശത്ത് മിച്ചഭൂമി കയ്യേറി താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുവാനുള്ള നിവേദനം സർക്കാർ പരിശോധിച്ച് വരികയാണ്.<br>(2)പുളിങ്ങോം - ടി.എൽ.ബി 1763/77/ടി.ബി.എ നമ്പർ ഉത്തരവ് പ്രകാരം ശ്രീ.ത്രേസ്യാമ്മ വർഗ്ഗീസിൽ നിന്നും ഏറ്റെടുക്കുവാൻ ഉത്തരവായ റീ.സ-127/1-ൽ ഉൾപ്പെട്ടു വരുന്ന 118.25 ഏക്കർ സ്ഥലത്ത് ഉള്ള 93 അനധികൃത കൈവശക്കാർ പട്ടയം ലഭിക്കുവാൻ നിവേദനം നൽകിയിട്ടുള്ളതായും എന്നാൽ ബഹു.ഹൈക്കോടതിയുടെ 06.07.2011-ലെ സ്റ്റേ, നിലവിലുള്ളതിനാൽ ഭൂമി ഏറ്റെടുത്തിട്ടില്ലെന്നും കണ്ണൂർ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്<br>(3)വെള്ളൂർ - ടി.എൽ.ബി 1788/73 നമ്പർ ഉത്തരവ് പ്രകാരം വെള്ളൂർ വില്ലേജിൽ ശ്രീമതി വേങ്ങയിൽ നാരായണിയമ്മ എന്നവരിൽ നിന്നും ഏറ്റെടുത്ത മിച്ചഭൂമിയിൽ 5 പട്ടികജാതി കുടുംബങ്ങൾ കൈവശം വെച്ച് വരുന്നുണ്ട്. ഇതിൽ രണ്ട് കുടുംബങ്ങൾക്ക് കോറോം വില്ലേജിൽ ഓരോ ഏക്കർ മിച്ച ഭൂമി ലഭിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ജില്ലാകളക്ടർ ലാന്റ് ബോർഡിലേക്ക് റിപ്പോർട്ട് അയച്ചിട്ടുള്ളതും, ആയത് പരിഗണനയിലുമാണ്. |

| | | | |
|---|---|---|---|
| (സി) | കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | മിച്ച ഭൂമി കൈയ്യേറി താമസിച്ച വരുന്നവർക്ക് പട്ടയം നൽകുവാൻ നിലവിലുള്ള നിയമപ്രകാരം സാധിക്കുകയില്ല. മിച്ചഭൂമി പതിച്ച നൽകുവാനായി അപേക്ഷ ക്ഷണിക്കുമ്പോൾ കയ്യേറി കൈവശം വെച്ച വരുന്നവർക്ക് മുൻഗണന നൽകി പതിച്ച നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ